# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 6716/11/12/2023/** TVM

പരാതികക്ഷി : സോമൻ നായർ,രാധാമന്ദിരം
ആലച്ചക്കോണം,ഒറ്റശേഖരമംഗലം
തിരുവനന്തപുരം

എതിർകക്ഷികൾ : 1) ഗോപാലകൃഷ്ണൻ നായർ
വാളിയോട് കടുകൽ വീട്, ഒറ്റശേഖരമംഗലം
2) തഹസീൽദാർ,കാട്ടാക്കട താലൂക്ക്
3) ഷാജി, താലൂക് സർവ്വെയർ,കാട്ടാക്കട
മുതൽപേർ

**ഉത്തരവ് തീയതി 27.05.2024**

പരാതിക്കാരന് ഒറ്റശേഖരമംഗലം വില്ലേജിൽ മുൻ റീസർവ്വേ 302/3ൽ 44 1/2 സെൻറ് വസ്തു ടിയാളുടെ പേരിൽ പോക്കുവരവ് ചെയ്ത് പട്ടയം പിടിച്ച് കൈവശം വച്ച് അനുഭവിച്ച് വരുകയായിരുന്നുവെന്നും, പുതിയ റീ സർവ്വെ നിലവിൽ വന്നപ്പോൾ ടി വസ്തു ഒറ്റശേഖരമംഗലം വില്ലേജിലെ ബ്ലോക്ക് നമ്പർ 28 ൽ സർവ്വെ 160/16 ൽ ഉൾപ്പെടുത്തിയിട്ടുള്ളതായും, എന്നാൽ പുതിയ റീസർവ്വെ പ്രകാരം ടി വസ്തുവിന് 14 ആർ 80 ച.മീറ്റർ വിസ്തീർണ്ണം മാത്രമെ ഉള്ളൂവെന്നും, ടിയാന് അവകാശപ്പെട്ട ശേഷിച്ച 8 സെൻറ് വസ്തുവും അതിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടവും ഒന്നാം എതിർകക്ഷിയുടെ പേർക്ക് ടിയാൻെറയും പിതാവിൻെറയും സ്വാധീനത്താൽ റീ സർവ്വെ അധികാരികൾ പട്ടയം നൽകിട്ടുള്ളതായും, തുടർന്ന് ടിയാൻ ടി വസ്തുവിൽ ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റിയിട്ടുള്ളതായും, കൂടാതെ ടി വസ്തുവിലേയ്ക്ക് ഗതാഗതത്തിനായി ഉപയോഗിച്ചുകൊണ്ടിരുന്ന വഴി ടി ഗോപാലകൃഷ്ണനും ടിയാൻെറ പിതാവും ചേർന്ന് തടസ്സങ്ങൾ സൃഷ്ടിച്ചിട്ടുള്ളതായും പരാതിയിൽ പറയുന്നു. രേഖകൾ പ്രകാരം ഹർജികക്ഷിക്ക് അവകാശപ്പെട്ട സ്ഥലം അളന്ന് തിരിച്ച് ലഭിക്കുന്നതും ഒന്നാം എതിർകക്ഷി വഴിയിൽ സൃഷ്ടിച്ചിട്ടുള്ള തടസ്സങ്ങൾ നീക്കം ചെയ്തു കിട്ടുന്നതിനുമായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാതികക്ഷി അപേക്ഷ നൽകുകയും തുടർന്ന് ടിയാൻെറ ഭാഗം കേൾക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തതിനുശേഷം റീ സർവ്വെ അപാകത പരിഹരിക്കുന്നതിനായി

അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് 27.07.2019 തീയതി കാട്ടാക്കട ഭൂരേഖാ തഹസീൽദാർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണെന്നും, പ്രസ്തുത ഉത്തരവിൻെറ അടിസ്ഥാനത്തിൽ ഹർജിക്കാരൻ കാട്ടാക്കട താലൂക്ക് തഹസീൽദാർ മുമ്പാകെ ഹർജി നൽകിയിരുന്നുവെങ്കിലും യാതൊരു നടപടിയും ഉണ്ടായിട്ടില്ലായെന്നും, തുടർന്ന് കേരള സർക്കാരിൻെറ സാന്ത്വനം പദ്ധതിയിൽ പരാതി ബോധിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ പരാതിക്കാസ്പദമായ വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിലേയ്ക്ക് 3 ാം എതിർകക്ഷിയെ നിയോഗിച്ചെങ്കിലും ടിയാൻ വാസ്തവ വിരുദ്ധമായ റിപ്പോർട്ടാണ് നൽകിയിട്ടുള്ളതെന്നും, ആയതിനാൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27.07.2019 ലെ ഉത്തരവ് നടപ്പിലാക്കി കിട്ടുന്നതിനാവശ്യമായ ഉത്തരവ് ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ തിരുവനന്തപുരം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ജില്ലാ കളക്ടർക്ക് വേണ്ടി കാട്ടാക്കട ഭൂരേഖാ തഹസീൽദാർ വിശദമായ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പരാതികക്ഷിയായ ശ്രീ സോമൻ നിരവധി പരാതികൾ വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റ്, ആർ.ഡി.ഒ, ജില്ലാ കളക്ടർ, ലാൻറ് റവന്യൂ കമ്മീഷണർ, സർവ്വെ ഡയറക്ടർ, സെക്രട്ടറിയേറ്റ് എന്നിവിടങ്ങളിൽ നൽകിയിരുന്നതായും ആയതിൻെറ അടിസ്ഥാനത്തിൽ ടി ഓഫീസിൽ എല്ലാവിധ അന്വേഷണവും പരിശോധനയും നടത്തി അപാകത കണ്ടവ പരിഹരിക്കുകയും കക്ഷിക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും, റിക്കാർഡുകൾ പരിശോധിച്ചതിൽ അപേക്ഷകൻെറ കൈവശത്തിൽ 160/16 ൽ ഉൾപ്പെടുന്ന വസ്തു മാത്രമെ ഉള്ളൂവെന്നും 160/17 ൽ ഹർജിക്കാരന് കൈവശ സ്ഥലം ഇല്ലായെന്നും സർവ്വെയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും, മാത്രമല്ല, ടി സ്ഥലത്ത് പുറമ്പോക്ക് വഴിയോ ആധാരപ്രകാരം ടിയാന് ലഭിച്ച വഴിയോ ഉള്ളതായി കാണുന്നില്ലായെന്നും, പ്രസ്തുത സാഹചര്യത്തിൽ വഴി സംബന്ധിച്ച് ഈ കാര്യാലയം മുഖേന നടപടി സ്വീകരിക്കുവാൻ കഴിയാത്തതിനാൽ സിവിൽ കോടതി മുഖേന പരിഹാരം കാണേണ്ടതാണെന്ന് ഹർജിക്കാരന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും, കൂടാതെ ടിയാൻ റവന്യൂ വകുപ്പിന് നൽകിയ പരാതിയിന്മേൽ 80282/ഇ3/06 നമ്പറായി റവന്യൂ വകുപ്പിൽ ഒരു ഫയൽ ഉണ്ടായിരുന്നതും, പ്രസ്തുത ഫയൽ പ്രകാരം അന്വേഷണം നടത്തുന്നതിന് ജോയിൻറ് ഡയറക്ടർ ഓഫ് സർവ്വെയെ ചുമതലപ്പെടുത്തുകയും സർവ്വെ ജോയിൻെറ ഡയറക്ടർ വിശദമായ അന്വേഷണം നടത്തി പരാതിയിൽ പറയുന്ന ഓരോ വിഷയങ്ങളും സൂക്ഷമായി പരിശോധിച്ച് സർക്കാരിലേയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും, ആയതിൽ അപേക്ഷകന് മുൻ സർവ്വെ

പ്രകാരം 44.5 സെൻറ് ഉണ്ടായിരുന്നത് റീ സർവ്വെ റിക്കാർഡുകൾ പ്രകാരം ഭൂമിയിൽ അളന്ന് പരിശോധിച്ചതിൽ നിലവിലെ കൈവശത്തിനനുസരണമായാണ് റീ സർവ്വെ സ്കെച്ചുകൾ തയ്യാറാക്കിയിട്ടുള്ളതെന്നും ആയത് ശരിയാണെന്നും റിപ്പോർട്ടിൽ കാണുന്നു.

അപേക്ഷകൻെറ സ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നതിന് ഉണ്ടായിരുന്ന വഴിയിൽ ഗോപാലകൃഷ്ണൻ സൃഷ്ടിച്ചിട്ടുള്ള തടസ്സങ്ങൾ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും, എന്നാൽ ടിയാൻെറ ഭൂമിയോട് ചേർന്ന് പുറമ്പോക്ക് വഴിയുള്ളതായി കാണുന്നില്ലായെന്നും, ആധാരത്തിലും വഴിസംബന്ധിച്ച കാര്യമൊന്നും പരാമർശിച്ചു കാണുന്നില്ലായെന്നും, പ്രസ്തുത സാഹചര്യത്തിൽ മറ്റ് സ്വകാര്യ വക്തിയുടെ ഭൂമിയിൽ നിന്നും വഴി സ്ഥാപിച്ചു നൽകാൻ നിർവ്വാഹമില്ലായെന്ന് കാണിച്ച് ടിയാന് മറുപടി നൽകിയിട്ടുള്ളതാണെന്നും, ഒന്നാം എതിർകക്ഷി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായുള്ള പരാതി പരിശോധിച്ചതിൽ അത്തരത്തിൽ എതിർകക്ഷി പുറമ്പോക്ക് ഭൂമി പോക്കുവരവ് ചെയ്ത് കരം അടച്ച് വന്നതിന് അടിസ്ഥാനമായ പോക്കുവരവ് റദ്ദ് ചെയ്ത് ആയത് സർക്കാർ ഭൂമിയായി മാറ്റിയിട്ടുള്ളതാണെന്നും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27/09/2019 ലെ ഉത്തരവിൻെറ അടിസ്ഥാനത്തിൽ സർവ്വെയർ മുഖേന പരിശോധന നടത്തിയെങ്കിലും ആധാരത്തിലുള്ള അളവുകൾ പ്രകാരം അപേക്ഷകൻെറ കൈവശത്തിൽ സ്ഥലം അതിർത്തി തിരിഞ്ഞ് കിടപ്പില്ലാത്തതായും എന്നാൽ അപേക്ഷകൻെറ കൈവശത്തിൻെറ അടിസ്ഥാനത്തിലാണ് നിലവിലെ റീസർവ്വെ റിക്കാർഡുകൾ ഉള്ളതെന്നും സർവ്വെയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ആയതിനാൽ അപേക്ഷകൻെറ കൈവശത്തിൽ ഇല്ലാത്തതും അന്യകൈവശത്തിൽ വ്യക്തമായി അതിർത്തി തിരിഞ്ഞു കിടക്കുന്നതുമായ സ്ഥലം സബ് ഡിവിഷൻ ചെയ്തു വിസ്തീർണ്ണ വ്യത്യാസം വരുത്തി അപേക്ഷകൻെറ പേരിൽ നൽകാൻ നിർവ്വാഹമില്ലാത്തതിനാലും, ആധാര പ്രകാരമോ അല്ലാതെ പൊതുവഴിയോ ടിയാൻെറ വസ്തുവിലേയ്ക്ക് വഴി ലഭ്യമല്ലാത്തതിനാൽ മറ്റ് സ്വകാര്യ വസ്തുവിൽ കൂടി വഴി സ്ഥാപിച്ച് നൽകാൻ കഴിയാത്തതിനാലും ടി രണ്ടു പരാമർശങ്ങളും സിവിൽ കോടതി കോടതി മുഖേന പരിഹാരം കാണുന്നതിന് അപേക്ഷകന് രേഖാമൂലം മറുപടി നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ കാണുന്നു.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 27/09/2019 ലെ ഉത്തരവ് പ്രകാരം അടിസ്ഥാനത്തിൽ റീ സർവ്വെ അപാകത പരിഹരിക്കുന്നതിനായി പരാതിക്കാരനായ ശ്രീ സോമൻ നായർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് കാട്ടാക്കട ഭൂ രേഖാ

തഹസീൽദാർക്ക് നിർദ്ദേശം നൽകിയെങ്കിലും പ്രസ്തുത നിർദ്ദേശം യഥാവിധി നടപ്പായിട്ടില്ലായെന്ന് പരാതികക്ഷി വാദിക്കുന്നു. ഈ സാഹചര്യത്തിൽ പരാതികക്ഷിയുടെ ഒറ്റശേഖരമംഗലം വില്ലേജിലെ ബ്ലോക്ക് നമ്പർ 28 ൽ സർവ്വെ 160/16 ൽ വസ്തുവിന്റെ റീസർവ്വെയിൽ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് ഒരിക്കൽ കൂടി പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കേണ്ടതും പ്രസ്തുത വിവരം പരാതിക്കാരനെ അറിയിക്കേണ്ടതുമാണെന്ന് സർവ്വെ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് സർവ്വെ വകുപ്പ് ഡയറക്ടർ പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ